ശബരിമല തീർത്ഥാടന കാലം ആരംഭിച്ചതോടെ കേരളത്തിനകത്തും പുറത്തും നിന്നുമെത്തുന്ന ലക്ഷകണക്കിന് ഭക്തൻമാർക്ക് സൗകര്യങ്ങളൊരുക്കാൻ നെട്ടോട്ടമോടുകയാണ് ഭരണാധികാരികൾ. ഒരു വർഷം ഭണ്ഡാരപ്പെട്ടിയിൽ വീഴുന്ന കാശിന്റെ കണക്കുവച്ച് നോക്കിയാൽ ശബരിമലയിൽ ഇപ്പോഴുള്ള സൗകര്യങ്ങൾ പോരാ എന്ന പരാതിയും പ്രബലമായുണ്ട്. പക്ഷെ ഓരോ മണ്ഡലകാലത്തും നഷ്ടമായിക്കൊണ്ടിരിക്കുന്ന വനത്തെക്കുറിച്ചും നശിച്ചുകൊണ്ടിരിക്കുന്ന പമ്പാനദിയെക്കുറിച്ചും ആശങ്കപ്പെടാൻ ആരാണുള്ളത്.
പണത്തിന് മുകളിൽ പരുന്തും പറക്കും.

# പമ്പയിൽ മുങ്ങുമ്പോൾ ഓർക്കേണ്ടത്

എ. എസ്തപ്പാൻ

കേരളത്തിലെ, കാല്പനിക സൗന്ദര്യം വഴിഞ്ഞൊഴുകുന്ന നദികളെക്കുറിച്ചൊക്കെ നമ്മുടെ സാഹിത്യ നായകന്മാർ ഒരു പാട് പാടിപ്പുകഴ്ത്തിയിട്ടുണ്ട്. മലയാണ്മയുടെ കവനകൗമുദി ഉദിച്ചുയർന്നിരുന്നതുതന്നെ ഒരു കാലത്ത് ഈ നദീതീരങ്ങളിലായിരുന്നു. വികസനത്തിന്റെ ഉന്മൂലനവേദാന്തം അന്യമായിരുന്ന നമ്മുടെ പൂർവ്വസൂരികൾക്ക് ഈ പുഴകളും മലകളുമൊക്കെ ഭൂമിയുടെ മഹത്തായ പൈതൃകങ്ങളായിരുന്നു. പേരാറും പെരിയാറും പമ്പയുമൊക്കെ അന്ന് മലയാളിയുടെ സാധാരണ ജീവിതത്തിൽ ഭാഗഭാക്കായതിൽ യാതൊരു അത്ഭുതവുമില്ല. ഇടവപ്പാതിയിൽ മുങ്ങിക്കുളിച്ചു ഈറൻ പുടവയുമായി കുണുങ്ങികുതിച്ചോടുന്ന പുഴകളെക്കുറിച്ചുള്ള ഗാനഗന്ധർവ്വന്റെ ആ പഴയ പാട്ടുകൾ എത്രയെത്ര ആസ്വാദകഹൃദയങ്ങളെയാണ് ആഹ്ലാദം കൊള്ളിച്ചിട്ടുള്ളത്! വർഷങ്ങൾക്കിപ്പുറം, മലയാളിയുടെ ജീവിതത്തിന് വേഗം കൂടുകയും കനം കുറയുകയും ചെയ്തപ്പോൾ ആശയങ്ങൾക്ക് പുതിയ നിർവ്വചനങ്ങളുണ്ടായപ്പോൾ മറ്റ് പല രംഗങ്ങളിലുമെന്നപോലെ നമ്മുടെ നദികൾക്കും അംഗഭംഗം സംഭവിച്ചു. ഭാരതപ്പുഴ വർഷത്തിൽ വല്ലപ്പോഴും മാത്രം വെള്ളമൊഴുകുന്ന നീർച്ചാലായിമാറി. പെരിയാർ രാസ മാലിന്യങ്ങളുടെ അഴുക്കുചാലുമായി. ഈ സമയത്ത്, ആത്മീയ ചൈതന്യം മാറ്റുകൂട്ടുന്ന പുണ്യനദിയായ പമ്പയുടെ വർത്തമാനങ്ങളെന്തൊക്കെയെന്നു പരിശോധിക്കുന്നത് കൗതുകകരമായിരിക്കും. മദ്ധ്യ കേരളത്തിലെ ഉൾനാടൻ ഉൾപ്രദേശങ്ങളിലെ മനുഷ്യസംസ് കാരത്തിന്റെ അവിഭാജ്യഘടകമായിരുന്നു പമ്പാനദിയും അതിന്റെ തീര പ്രദേശങ്ങളും. ശരീരശുദ്ധിയുടെ കാര്യത്തിൽ യാതൊരു വിട്ടുവിഴ്ചക്കും തയ്യാറില്ലാത്ത മലയാളിയുടെ മുൻഗണന മുങ്ങിക്കുളിക്കുതന്നെ. കലിയുഗവരദനെ കൊല്ലാകൊല്ലം വണങ്ങാനെത്തുന്ന ലക്ഷക്കണക്കിന് ഭക്തൻമാർക്ക് പമ്പയിൽ വെള്ളമുണ്ടെങ്കിലും ഇല്ലെങ്കിലും മുങ്ങിക്കുളിക്കാതെ മലകയറ്റം നിഷിദ്ധം. ഒരു പ്രത്യേക ആവശ്യത്തിനുവേണ്ടി വർഷത്തിൽ ഒരു ചെറിയ കാലയളവിൽ ഏറ്റവും കൂടുതൽ ഭക്തജനങ്ങൾ സമ്മേളി ക്കുന്നത് പമ്പാനദീതീരത്തുമാത്രമാണ്. അതിന്റെ എല്ലാ ഭവിഷ്യത്തുകളും തിക്താനുഭവങ്ങളും ഈ തീരങ്ങളിൽ നമുക്കു കാണാം. ഇങ്ങനെ വിവിധതരം ഈ വിഭാഗങ്ങൾ ഒന്നിച്ചു കൂടുമ്പോഴുണ്ടാകാവുന്ന മാലിന്യങ്ങളും അതിന്റെ സംസ്കരണവും പരിസ്ഥിതിയ്ക്കുണ്ടാവുന്ന പ്രശ്നങ്ങളും ഒരിക്കലും പോംവഴി കാണാതെ സീസൺ അവസാനിക്കുകയും വീണ്ടും അടുത്ത വർഷം ഇതെല്ലാം ആവർത്തിക്കുകയും ചെയ്യുന്നു. കാനന വാസന്റെ പേരും പറഞ്ഞ്, നിർമ്മാണ പ്രവർത്തനത്തിന്റെ മറവിൽ കാടുവെട്ടാനും മരം മുറിക്കാനും മാത്രം ശ്രദ്ധിക്കുന്ന ഭരണാധികാരികൾക്ക് പരിസ്ഥിതി സംരക്ഷണം തീണ്ടാപ്പാടകലെയാണ്.

സാമൂഹ്യവികസനം ജീവിത ശൈലിയെത്തന്നെ പുനർ നിർവ്വചിക്കുമ്പോൾ സദാചാരത്തിനും ആത്മീയതക്കും സമയവും സ്ഥലവുമനുവദിക്കാതെ വയ്യ. ഭൂമി പൂജയും കല്ലിടലും കട്ടിളവയ്പും അക്ഷയ തൃതീയയും അങ്ങനെ സാധാരണ ജീവിതത്തിലെ കമേഴ്സ്യൽ ആത്മീയതാ സ്പോട്ടുകളാകുന്നു. ഭക്തിയുടെ ഏറ്റക്കുറച്ചിലനുസരിച്ച്



> ഒരു ചെറിയ കാലയളവിൽ ഏറ്റവും കൂടുതൽ ഭക്തജനങ്ങൾ സമ്മേളിക്കുന്നത് പമ്പാനദീതീരത്തുമാത്രമാണ്. അതിന്റെ എല്ലാ ഭവിഷ്യത്തുകളും തിക്താനുഭവങ്ങളും ഈ തീരങ്ങളിൽ നമുക്കു കാണാം. ഇങ്ങനെ വിവിധതരം ജനവിഭാഗങ്ങൾ ഒന്നിച്ചുകൂടുമ്പോഴുണ്ടാകാവുന്ന മാലിന്യങ്ങളും അതിന്റെ സംസ്കരണവും പരിസ്ഥിതിയ്ക്കുണ്ടാവുന്ന പ്രശ്നങ്ങളും ഒരിക്കലും പോംവഴി കാണാതെ സീസൺ അവസാനിക്കുകയും വീണ്ടും അടുത്ത വർഷം ഇതെല്ലാം ആവർത്തിക്കുകയും ചെയ്യുന്നു.

ജന്മനക്ഷത്രക്കല്ലുകളിലും ഉദയാസ്തമന പൂജയിലും ഇൻവെസ്റ്റ് ചെയ്യാം. കൊല്ലംതോറും കർക്കിടകത്തിൽ കഞ്ഞികുടിക്കുന്നതുപോലെ വൃശ്ചികത്തിൽ ശബരിമല നോമ്പും ഇപ്പോൾ ദൈവിക സുരക്ഷാബോധത്തിന്റെ ചൂണ്ടുപലകയാണ്. ശരീരശുദ്ധിയും വ്രതനിഷ്ഠവുമായ മാനസിക ഏകാഗ്രതയും ഉൽകണ്ഠാകുലമായ ഈ കാലത്ത് അഭികാമ്യം തന്നെ. പക്ഷേ സന്നിധാനത്തിലേക്കുള്ള യാത്രയിൽ കന്നിമൂലഗണപതിയേയും ദർശിക്കുന്നതിനുമുമ്പ് പമ്പയിൽ മുങ്ങികുളിക്കണോ വേണ്ട്യോ എന്ന് ഭക്തൻമാർ മേലിൽ രണ്ടു തവണ ആലോചിക്കുന്നതു നന്നായിരിക്കും.

കാരണം, ഏതെങ്കിലും തരത്തിലുള്ള രോഗപ്രതിരോധത്തിന് എപ്പോഴെങ്കിലും ആന്റിബയോട്ടിക്കുകൾ കഴിച്ചിട്ടുണ്ടെങ്കിൽ, അഥവാ, ഭാവിയിലെന്നെങ്കിലും അവ കഴിക്കാനുദ്ദേശിക്കുന്നുണ്ടെങ്കിൽ ഈ ഒറ്റകുളി കൊണ്ട് അതെല്ലാം വെള്ള ത്തിലായേക്കാം. പുതിയ ബാക്ടീരിയകളൊക്കെ ആന്റിബയോട്ടിക്ക് മരുന്നുകൾക്ക് വഴങ്ങാതെ വരുന്നു വത്രേ!!

ഇടവപ്പാതിക്കാലത്ത് കുളിച്ച് സുന്ദരിയാകുമെങ്കിലും പമ്പാനദി പകർച്ചവ്യാധികളുടെ വിളനിലമായിട്ട് കാലം കുറേയായി. വന്മരങ്ങൾ പന്തലിച്ചുനിന്നിരുന്ന ഇരു കരകളിലും ഇന്ന് തഴച്ചു വളർന്നു പടരുന്നത് വിവിധതരം ജലജന്യ രോഗങ്ങളാണ്. പണ്ട് വളരെ അപൂർവ്വമായി മാത്രം കാണപ്പെട്ടിരുന്ന ഹെപ്പാറ്റൈറ്റിസ് എന്ന ഉദരരോഗത്തിന്റെ പ്രധാന കാരണം മനുഷ്യമാലിന്യം കലർന്ന ജലത്തിന്റെ ഉപയോഗമാണ്. ഇന്ന്, കൊല്ലം മുഴുവൻ ഈ രോഗം പമ്പയുടെ ഇരുകരകളിലും സാധാരണമാണ്. നദിയിൽ കണ്ടമിനേഷൻ സംഭവിക്കുന്നത് എങ്ങനെയായിരിക്കുമെന്ന് കൊച്ചുകുട്ടിക്കുപോലും മനസ്സിലാക്കാവുന്നതേയുള്ളു. പക്ഷേ ദേവസ്വം ബോർഡിന് ഭണ്ഡാരത്തിൽ വീഴുന്ന വഴിപാടുപണം ധൂർത്തടിക്കുന്നതിൽ മാത്രമേ ശ്രദ്ധിയ്ക്കാനാകുന്നുള്ളു. നടവരവിന്റെ അഞ്ചു ശതമാനമെങ്കിലും ഭക്തർക്ക് കുടിവെള്ള വിതരണത്തനും വൃത്തിയുള്ള ടോയ്‌ലെറ്റുകൾ പണിതുണ്ടാക്കാനും ഉപയോഗിച്ചിരുന്നെങ്കിൽ ഭഗവാൻ കൃതാർത്ഥനായേനേ! ദേവസ്വത്തിന്റെ ദുർവ്യയങ്ങളെക്കുറിച്ചുള്ള നരേന്ദ്രൻ കമ്മീഷന്റെ ചോദ്യങ്ങൾക്ക് "ഇനി എന്നോടൊന്നും ചോദിക്കരുതേയെന്ന്" കരഞ്ഞപേക്ഷിക്കുന്ന മുൻ പ്രസിഡന്റിന്റെ മുഖമാണിവിടെ ഓർമ വരുന്നത്.

ജലദോഷം പോലെ ഒരു

പമ്പാനദിയിലെ കോളി ബാക്ടീരിയകൾ നൂറുശതമാനവും പെൻസിലിനോട് പ്രതിരോധമുള്ളവയാണെങ്കിൽ ടെട്രാസൈക്ലിനോട് അറുപതുശതമാനം മാത്രമേ അജയ്യമാകുന്നുള്ളു, ഇ. കോളിയുടെ പ്രതിരോധ സ്വഭാവം പിന്നീട് മറ്റു ബാക്ടീരിയകളിലേക്കും പടരുകയാണെങ്കിൽ അത് ഒരു പ്രദേശത്തിന്റെയാകെ രോഗപ്രതിരോധശേഷിയെ ദുർബലമാക്കിയേക്കാം. ബാക്ടീരിയാ ബന്ധരോഗങ്ങൾക്ക് മരുന്നുകൾ ഫലിക്കാതെ വരുമ്പോൾ, ആസ്പത്രികളിൽ ദുർവ്യയം കൂടുമ്പോൾ അത് മുഴുവൻ പൊതുസമ്പദ്‌വ്യവസ്ഥയെത്തന്നെ പ്രതികൂലമായി ബാധിയ്ക്കാനിടയുണ്ട്. തന്നെയുമല്ല, ബാക്ടീരിയകൾക്ക് വരും തലമുറകളിലേക്കും പോലും ഈ പ്രതിരോധശേഷി കൈമാറാൻ കഴിവുണ്ടെന്നത് സ്ഥിതിഗതികളെ കൂടുതൽ ഗൗരവതരമാക്കുന്നു. ഡിപ്രോഫ്ലെക്സിൻ, അമോക്സിലിൻ, അമ്പിസിലിൻ എന്നീ മരുന്നുകളോട് അമ്പതുശതമാനം പ്രതിരോധമേ ഇ. കോളി കാണിക്കുന്നുള്ളുവെങ്കിലും മൾട്ടിപ്പിൾ ആന്റിബയോട്ടിക്കുകളോട് ഏകദേശം നൂറുശതമാനവും അജയ്യമാണ് അവ. ആലപ്പുഴയും പരിസരവും ഇപ്പോൾത്തന്നെ പകർച്ചവ്യാധി ബാധിത പ്രദേശങ്ങളാണ്. മാരകങ്ങളായ ഇത്തരം ബാക്ടീരിയകൾ ഭാവിയിൽ ആവശ്യമായി വന്നേക്കാവുന്ന രോഗപ്രതിരോധനടപടികളെ അവതാളത്തിലാക്കും എന്നതിൽ സംശയമില്ല. അതിന്റെ ഭവിഷ്യത്തുകൾ ഗുരുതരവും സ്ഫോടനാത്മകവുമായേക്കാം.

ബഹുമുഖരോഗങ്ങളോട് പ്രതിരോധമുള്ള ഇത്തരം ബാക്ടീരിയകൾ ലോകത്തെങ്ങും പകർച്ചവ്യാധികൾ പൊട്ടിപ്പുറപ്പെടുന്നതിൽ പ്രധാന പങ്കുവഹിച്ചിട്ടുണ്ട്. ബാക്ടീരിയകൾ മറ്റ് ഭക്ഷണ വിഭവങ്ങളിലൂടെ മനുഷ്യശരീരത്തിൽ തിരിച്ചെത്താനുള്ള അവസരങ്ങൾ ഇഷ്ടം പോലെയാണ്. പൊതുവെ രോഗാതുരനായ യാണ് പതിന്മടങ്ങ് മാരകമായ ഇ. കോളി ബാക്ടീരിയയെ ഇപ്പോൾ പമ്പാനദിയിൽ കണ്ടെത്തിയിട്ടുള്ളത്. ഏതു തരത്തിലുള്ള ആന്റിബയോട്ടിക്കുകളേയും അതിജീവിക്കാൻ കെല്പുള്ള ഇത്തരം ബാക്ടീരിയയുടെ തോത് ക്രമാതീതമായി വർദ്ധിച്ചിട്ടുണ്ടെന്ന് ഈയ്യിടെ കേരള സർവ്വകലാശാലയിലെ ശാസ്ത്രജ്ഞർ നടത്തിയ പഠനത്തിൽ തെളിയ്ക്കപ്പെട്ടു. രോഗപ്രതിരോധരംഗത്ത്, കേരളത്തിൽ ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾക്ക് ഈ കണ്ടുപിടുത്തം വഴിതെളിച്ചേക്കാം. സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെതടക്കം നിരവധി പഠനങ്ങൾ പമ്പാനദിയിലെ ഇ.കോളി ബാക്ടീരിയയുടെ സാന്നിദ്ധ്യത്തെക്കുറിച്ച് സാക്ഷ്യ പ്പെടുത്തി യിട്ടുണ്ട്. എന്നാൽ പല ആന്റിബയോട്ടിക്കുകൾക്കും അവ പ്രതിരോധശേഷിയുള്ളതാണെന്ന ആദ്യത്തെ പഠനവാർത്തയാണ് ഇപ്പോൾ പോയേക്കാവുന്ന അവസ്ഥ ആരോഗ്യ കേരളം പദ്ധതി രേഖയാക്കി മാറ്റി ചുവപ്പുനാടയിൽ തിരുകുന്ന നമ്മുടെ അഭിനവ ഹിപ്പോക്രാറ്റുകൾക്ക് ഉറക്കം നഷ്ടപ്പെടുത്തിയേക്കാം. രണ്ടു വർഷക്കാലമായി നടന്നുവരുന്ന ഈ പഠന നിരീക്ഷണങ്ങൾ ബാക്ടീരിയയുടെ മത്സ്യം, താറാവ്, കന്നുകാലികൾ തുടങ്ങിയ മറ്റ് ഭക്ഷ്യദാതാക്കളിലേക്കുള്ള ചംക്രമണവും അതിന്റെ അപകടസാദ്ധ്യതകളും വിശകലനം ചെയ്യുന്നുണ്ട്. നാടിന്റെ നാനാഭാഗത്തുനിന്നും ശബരിമലയിലെത്തുന്ന തീർത്ഥാടകർ പല കാരണങ്ങളാൽ ആന്റിബയോട്ടിക്കുകൾ ഉപയോഗിക്കുന്നവരായിരിക്കാം. ഒരു പക്ഷേ, ശരിയായ സംസ്കരണമില്ലാതെ മനുഷ്യമാലിന്യങ്ങൾ പുഴയിൽ കലക്കുമ്പോൾ ഇ. കോളി ബാക്ടീരിയകൾ അടുത്തുള്ള വേമ്പനാട്ടു കായലിലേക്കും കുട്ടനാട്ടിലേക്കും പടർന്നുപിടിയ്ക്കുന്നു. പമ്പയുടെ വ്യത്യസ്തമായ ആറു സ്ഥലങ്ങളിൽ നിന്നുമെടുത്ത സാമ്പിളുകളിൽ നിന്നുമാണ് ഈ വസ്തുതകൾ സ്ഥിരീകരിച്ചത്.

സാധാരണ അസുഖമാണ് ഇപ്പോൾ 'ടൈഫോ യ്ഡ്' ഈ ഭാഗങ്ങളിൽ. ഈ കഴിഞ്ഞ ജനുവരി-ഫെബ്രുവരി മാസങ്ങളിൽ 28 ടൈഫോയ്ഡ് കേസുകളാണ് മെഡിക്കൽ കോളേജിലെത്തിയത്. 2008ലെ ആകെ ടൈഫോയ്ഡ് കേസുകൾ 154 ആയിരുന്നത്രേ! അതുപോലെത്തന്നെ അക്യൂട്ട് ഡയേറിയ രോഗവും പരക്കേ ഇവിടങ്ങളിൽ കണ്ടുവരുന്നു. നൂറുകണക്കിന് ഡയേറിയ രോഗികളാണ് കഴിഞ്ഞ വർഷം ആസ്പത്രികളിൽ ചികിത്സ തേടിയത്. പുണ്യനദിയുമായി അടുത്തിടപഴകുന്ന ജനങ്ങളാണ് ഈ രോഗികളിലേറെപ്പേരും എന്നത് ശ്രദ്ധിക്കുക. എന്താണിതിനു കാരണം? കുടിവെള്ളത്തിൽ ഒരിക്കലും ഉണ്ടാകാൻ പാടില്ലാത്ത കോളിഫോം ബാക്ടീരിയയുടെ അളവ് പമ്പാനദിയിൽ ഏറെ കൂടുതലാണ് ഇപ്പോൾ. ഓരോ സീസണിലും ഓരോ നടതുറപ്പിനും എത്തിചേരുന്ന ഭക്തജനങ്ങൾ കൊണ്ടുവന്നിടുന്ന മാലിന്യങ്ങൾ കൂടാതെ സ്ഥലത്തെ നക്ഷത്ര ഹോട്ടലുകളിലേയും സൂപ്പർ സ്പെഷ്യാലിറ്റി ആസ്പത്രികളേയും വൃത്തികേടുകൾ മുഴുവനും നദിയിലേക്കുതന്നെയാണ് തള്ളിവിടുന്നത്. പുഴയുടെ ഈ പുതിയ അംഗലാവണ്യത്തിന് ടൂറിസം ഗുരുക്കന്മാർക്കും ഹെൽത്ത് കെയർ വിശാരദന്മാർക്കും നമുക്കു നന്ദിപറയുക. കേരള മോഡൽ പൊതുജനാരോഗ്യപദ്ധതികൾക്കും ശുചിത്വപരിപാലനത്തിനും കേൾവികേട്ട സാക്ഷര കേരളത്തിലാണ് ഈ ദുരവസ്ഥ എന്നത് പ്രത്യേകം ശ്രദ്ധിക്കുക. ചുരുക്കിപ്പറഞ്ഞാൽ കേരളത്തിലെ മറ്റ് നദികളേക്കാൾ ഗുരുതരാവസ്ഥയിലാണ് അയ്യപ്പന്റെ സ്വന്തം താമരപ്പൊയ്ക എന്നു മനസ്സിലായല്ലോ?

വെള്ളത്തിലെ മലിനീകരണം കാരണം മേല്പ്പറഞ്ഞ അസുഖങ്ങൾക്ക് അലോപ്പതി മരുന്നുകൾ ഒഴിച്ചുകൂടാൻ പറ്റാതായിരിക്കുന്നു. തീകൊണ്ട് തീയിനെ മെരുക്കുന്ന ഈ വിഡ്ഢിത്തം കുറേക്കാലമായി നാം കാണുന്നതാണ്. ഇതിനു പുറമേ

മലയാളിക്ക് ഇത് കൂടുതൽ ബാദ്ധ്യതകൾ വരുത്തിവയ്ക്കും. അന്തരീക്ഷമലിനീകരണവും വരൾച്ചയും വ്യായാമരാഹിത്യവും സ്വതവേ സമ്മർദ്ദവിധേയനായ രോഗിയെ വീണ്ടും ഭക്തിയുടെ ശീതളിമയിലേക്ക് കൊണ്ടെത്തിച്ചേക്കാം. കപട ദിവ്യന്മാർക്കും കുഴൽപ്പണക്കാർക്കും ഇനിയും കേരളത്തിൽ സാദ്ധ്യതകൾ അനന്തമായി തുറന്നുകിടക്കുന്നു. ആതുരാലയങ്ങളും ഭജനമന്ദിരങ്ങളും മരുന്നുഷാപ്പുകളും സെമിത്തേരികളും ഇനിയും ഇനിയും ഉദ്ഘാടനം ചെയ്യപ്പെടട്ടെ, കേരളത്തിൽ. ആർക്കുവേണം വിദ്യാലയങ്ങളും വായനശാലകളും കളിസ്ഥലങ്ങളും?

അലോപ്പതി ഭിഷഗ്വരൻമാർ മുട്ടുമടക്കുമ്പോൾ നമ്മുടെ വ്യവസ്ഥാപിത ബദൽ ശുശ്രൂഷകർക്ക് എന്ത് പറയാനുണ്ടാകുമെന്ന് നോക്കാം. ആയുർവ്വേദവും പ്രകൃതി ചികിത്സയും മുതൽ മർമ്മാണിയും റെക്കിയും കേരളത്തിന്റെ ആരോഗ്യനിലയെ എങ്ങനെ വീണ്ടെടുക്കുമെന്ന് നമുക്ക് കാത്തിരുന്നു കാണാം. ആരോഗ്യ പ്രശ്നങ്ങൾ യുക്തിപൂർവ്വം വ്സ്തു നിഷ്ഠമായി കൈകാര്യം ചെയ്യാൻ അറിയാത്ത വകുപ്പും അതിന്റെ തലപ്പത്ത് കെട്ടിലമ്മ ചമഞ്ഞ് നമുക്കൊരു മന്ത്രിണിയുമുള്ളപ്പോൾ പൊതുജനാരോഗ്യ ഇൻഡക്സ് പടവലങ്ങപോലെ വളർന്നു വലുതാ കാതെ തരമുണ്ടോ? പണ്ട് പുഴകളേ യും മലകളേയും റോമെറ്റീരിയലാക്കി സാഹിത്യപ്രവർത്തനം നടത്തിയിരുന്നവരുടെ പിൻഗാമികളായി വാണരുളുന്ന നമ്മുടെ കൊട്ടാരം വിദൂഷകൻമാർക്കും എന്തു പറയാനുണ്ടെന്നും നമുക്ക് ശ്രദ്ധിയ്ക്കാം.

**അറിയിപ്പ്**

സാങ്കേതികമായ കാരണങ്ങളാൽ ലഭിച്ച പല മാറ്ററുകളും ചേർക്കാനായിട്ടില്ല.

*അടുത്ത ലക്കത്തിൽ*

**എസ്.ഫേയ്സി കേരളത്തിലെ സൈലവൻവാലിക്കുശേഷമുള്ള കാടുകളുടെ സ്ഥിതിയെക്കുറിച്ചും, പരിസ്ഥിതിപ്രവർത്തനത്തിന്റെ ഭാവിയെക്കുറിച്ചും എഴുതുന്നു.**




## സാമൂഹ്യ പ്രവർത്തകരുടെ ശ്രദ്ധയ്ക്ക്

കേരളത്തിലെ പൊതു വിഭവങ്ങൾക്കുവേണ്ടിയുള്ള ജനകീയ സമരങ്ങളേയും പൊതു പ്രശ്നങ്ങളേയും കേരളീയത്തിൽ പരിചയപ്പെടുത്തുന്നതിനും ബന്ധിപ്പിക്കുന്നതിനുംവേണ്ടി തുടർച്ചയായി ശ്രമിക്കുന്ന മാധ്യമമെന്നനിലയിൽ വലുതും ചെറുതുമായ എല്ലാ സമരങ്ങളുടെയും അറിയിപ്പുകൾ, നോട്ടീസുകൾ, പഠനവിവരങ്ങൾ, പത്രക്കട്ടിങ്ങുകൾ, ഫോട്ടോകൾ തുടങ്ങിയവ കേരളീയത്തിലേക്ക് അയച്ചുതരണമെന്ന് അഭ്യർത്ഥിക്കുന്നു. പത്രമാധ്യമങ്ങളുടെ പ്രാദേശിക എഡിഷനുകൾ വന്നതോടുകൂടി ഒരു പൊതുപ്രശ്നം ജില്ലയ്ക്കകത്തുപോലും ചർച്ച ചെയ്യാതിരിക്കുന്ന സ്ഥിതിയിൽ അതറിയിക്കാനും ബന്ധിപ്പിക്കാനും സമരവിവരങ്ങൾ അയച്ചുതരണമെന്ന് അഭ്യർത്ഥിക്കുന്നു.

വിലാസം :

**കേരളീയം, കൊക്കാലെ, തൃശൂർ–21**

**ഫോൺ : 9446576943, 9446586943, 0487-2421385**

e-mail : robinkeraleeyam@gmail.com